# SNDPLP SCHOOL
## KOZHUVALLOOR



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

കൊഴുവല്ലൂർ എസ്.എൻ. ഡി.പി. എൽ.പി സ്കൂളിലെ 2024 -2025 അധ്യയന വർഷം പതിനെട്ടു കുട്ടികൾ പഠിക്കുന്നു . കുട്ടികൾക്ക് ഉയർന്ന പഠന നിലവാരം ഉറപ്പാക്കുന്നതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ് . പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ് .

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്കൂളിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും, അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു

- രക്ഷിതാക്കളുടെ സഹായത്തോടു കൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും, കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യുന്നു

- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗ്ഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും

- കുട്ടികൾ സ്വയംപ്രവർത്തനങ്ങളില് ഏർപ്പെട്ടുകൊണ്ട് അറിവ് നിർമ്മാണപ്രക്രിയകളിലൂടെ പഠന നേട്ടങ്ങൾ കൈവരിക്കുന്നു

- സംഖ്യാബന്ധങ്ങൾ, സംഖ്യാ വ്യാഖാനംഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.... രീതി വിശദീകരിക്കുന്നു

- സ്കൂളിലെ പ്രവർത്തനങ്ങള് രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ്സ് പി.ടി.എ- കൾ ശക്തിപെടുത്തും.

- സ്കൂളിനു പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങ

  ( ഉൾച്ചേർക്കൽ ) പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ

- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വസിഷൻ പ്രവർത്തനങ്ങള് ഒരുക്കി നൽകി' സ്വതന്ത്രമായി ഭാഷ വായിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.

**ഭൗതികസാഹചര്യം**

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപറയുന്ന ഘടകങ്ങൾ പരിശോധിക്കണം

- പരിസ്ഥിതി സൗഹൃദ-വിദ്യാർഥി സൗഹൃദ സ്കൂൾ-ക്ലാസ് അന്തരീക്ഷം
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ
- കളിസ്ഥലവും കളിയുപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ്ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ
- ശുദ്ധജലലഭ്യത
- വിദ്യാർഥിസൗഹൃദ, ഭിന്നശേഷി സൗഹൃദഫർണിച്ചർ
- ഭക്ഷണം തയാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗതസൗകര്യം

ഈ ഘടകങ്ങളുടെ അവസ്ഥാവിശകലനം കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവരുമായുള്ള കൂടിയിരുപ്പുകളിലൂടെ വിലയിരുത്തി രേഖപ്പെടുത്തേണ്ടതുണ്ട്.

സാമൂഹ്യഇടപെടലുകൾ

സാമൂഹിക ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങൾ ചുവടെ കൊടുക്കുന്നു

- പി.റ്റി.എ
- എസ്.എം.സി
- മദർ പി.റ്റി.എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ വിദ്യാർഥികൾ
- വിദ്യാലയവികസനസമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധസംഘടനകൾ
- പ്രാദേശികവിദഗ്ധർ

ഈ ഘടകങ്ങൾ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണാരേഖകൾ പരിശോധിച്ചും നേരിട്ടുള്ള ചർച്ചകളിലൂടെയും വിലയിരുത്തണം.

വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങളും വിലയിരുത്തലിന് വിധേയമാക്കാം.

ഉദാ:

- മലയോര/തീരദേശ മേഖലകളിലെ കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ
- ലഹരി ഉപയോഗം
- കുട്ടികൾക്കെതിരായ അതിക്രമങ്ങൾ
- കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ
- കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളും മൂലമുണ്ടാകുന്ന വെല്ലുവിളികൾ

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ്‌വിനിമയം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- പ്രക്രിയാബന്ധിതമായ ആസൂത്രണം
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ

ഇവ കണ്ടെത്തുന്നതിന് ഉചിതമായ ചോദ്യാവലിയോ ചെക്ക്‌ലിസ്റ്റോ ഉപയോഗിക്കാവുന്നതാണ്.

കലാ-കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ, കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, നീന്തൽ പരിശീലനം എന്നിവ പഠനപ്രക്രിയയുടെ ഭാഗമായി വിദ്യാലയത്തിൽ എത്രത്തോളം സംഘടിപ്പിക്കാൻ കഴിയുന്നുണ്ട് എന്നതും വിലയിരുത്തപ്പെടണം.

**പഠനാന്തരീക്ഷം**

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- ക്ലാസ്‌മുറികളുടെ സജ്ജീകരണം
- ക്ലാസ്‌മുറികളിലെ ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ
- അധ്യാപക-വിദ്യാർഥി ബന്ധം
- ആധുനികസാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസ്സിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ലൈബ്രറികൾ, ലബോറട്ടറികൾ, ജൈവവൈവിധ്യ ഉദ്യാനം
- കളിസ്ഥലവും കളിയുപകരണങ്ങളും
- ആവശ്യമായ എണ്ണം ക്ലാസ്‌മുറികൾ (സ്മാർട്ട് ക്ലാസ്‌മുറി), ഭിന്നശേഷി സൗഹൃദ ക്ലാസ്‌മുറികൾ
- സ്കൂൾ പാർലമെന്റ്, സ്കൗട്ട്, എൻ.സി.സി., എസ്.പി.സി., ജെ.ആർ.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം.

തുടങ്ങിയ ഘടകങ്ങൾ ബന്ധപ്പെട്ടവരുമായി നടത്തുന്ന ചർച്ച, അഭിമുഖം എന്നിവയിലൂടെയും നേരിട്ടും വിലയിരുത്തി രേഖപ്പെടുത്താവുന്നതാണ്.

**അധ്യാപകർ**

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശികവിഭവങ്ങൾ (മനുഷ്യവിഭവം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത)
- സാമൂഹികപിന്തുണ
- ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
- അധ്യാപക-രക്ഷാകർതൃബന്ധം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ്.എൻ. ഡി.പി. എൽ.പി സ്കൂൾ |
| വിദ്യാഭ്യാസ ഉപജില്ല | : | ചെങ്ങന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| സ്കൂളിലെ കുട്ടികളുടെ എണ്ണം | : | 15 |
| പ്രത്യേക പരിഗണന ആവശ്യമുള്ളവർ | : | 2 |

## *അക്കാദമിക പ്രവർത്തനലക്ഷ്യങ്ങൾ*

1. എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതുവാൻ കഴിവ് നേടുന്നു ( പരിചരിച്ച അക്ഷരങ്ങൾ ഉപയോഗിച്ച്)
2. എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കുവാൻ കഴിവ് നേടുന്നു ( പരിചരിച്ച അക്ഷരങ്ങൾ ഉപയോഗിച്ച്)
3. എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുന്നു
4. രക്ഷിതാക്കളുടെ പിന്തുണയും,പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു
5. ആകർഷകവും സമഗ്രവുമായ നോട്ട് ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു
6. ആശയാവതരണ രീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായ പരോശോധിക്കുന്നു
7. സംഖ്യാ ബന്ധങ്ങൾ, സംഖ്യാവ്യാകരണം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു
8. പരിസര പഠനവുമായി ബന്ധപ്പെട്ട ലഘു നിർമ്മാണ പ്രൊജക്റ്റുകളിൽ ധാരണ നേടുക
9. സചിത്ര നോട്ട്ബുക്കിന്റെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ ശേഷികൾ ആർജ്ജിക്കുക

## ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1. പഠനോപകരണ ശില്പശാലകൾ ( ഓരോ യൂണിറ്റിനും )
2. ക്ലാസ് പി.ടി.എ കൾ ( ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ )
3. എസ് .ആർ . ജി യോഗത്തിലെ ക്ലാസനുഭവ റിപ്പോർട്ട് അവതരണം
4. കുട്ടികളുടെ പ്രകടനങ്ങളും, പഠന തെളിവുകളും ഡോക്യുമെന്ററ ചെയ്യലും പങ്കിടലു
5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും, തുടർ പ്രവർത്തനാസൂത്രണവും
6. സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണകുറുപ്പ് എന്നിവ തയ്യാറാക്കൽ
7. സചിത്ര ഡയറി , സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
8. പോക്സോ സംബന്ധമായ ബോധന ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും
9. കുട്ടികൾക്ക് സ്വയം വിലയിരുത്തുവാനും , പരസ്പരം വിലയിരുത്തുവാനും , അദ്ധ്യാപക രക്ഷാ - കർതൃ വിലയിരുത്തൽ രീതികൾ ബോദ്ധ്യപ്പെട്ട് കൂടുതൽ പിന്തുണ ഉറപ്പാക്കു
10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ ) പഠന പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കുക
11. വായനോത്സവം, രചനോത്സവം

# സ്കൂൾ തല മാസ്റ്റർ പ്ലാൻ രൂപീകരണം

വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിലവിലുള്ള സ്ഥിതിയുടെ അവസ്ഥ വിശകലനം കൃത്യമായി നടത്തേണ്ടതാണ്

**അവസ്ഥാപഠനം** : കുട്ടികളുടെ മികവാർന്ന പഠനത്തിന് അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹിക പിന്തുണയും സ്കൂളിന് ലഭിക്കേണ്ടതുണ്ട്

**പരിഗണിക്കേണ്ട മേഖല :**

- പാഠ്യ പദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യാപകർ
- ഭൗതിക സാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

**പാഠ്യപദ്ധതി വിനിമയം**

***ഭാഷ***
***മേഖല- വായന***

| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കുവാൻ ശ്രമിക്കുന്നു |
|---|---|---|
| 40% | 40% | 20% |
| ***ഗണിതം<br>മേഖല- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു*** | | |
| കുട്ടി സ്വയം അപഗ്രഥിച്ചു പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്നു |
| 40% | 40% | 20% |
| ശാസ്ത്രം<br>മേഖല- പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | | |
| സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തിരഞ്ഞെടുത്തു പരീക്ഷണം നടത്തി നിഗമനത്തിൽ എത്തുന്നു | പരീക്ഷണങ്ങളില് ഏർപ്പെടുന്നു. ശരിയായ നിഗമനത്തിലെത്തി ചേരുവാൻ കഴിയുന്നില്ല | അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു |
| 50% | 40% | 10% |

ഈ രീതിയിൽ എല്ലാ വിഷയങ്ങളിലെയും എല്ലാ മേഖലകളിലും അവസ്ഥാപഠനം നടത്തി അളവുപരമായി രേഖപ്പെടുത്തുന്നു.

## മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

വിലയിരുത്തൽ

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം

PTA, SSK

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

### ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

### പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

### ലക്ഷ്യപ്രസ്താവനകൾ

- അതത് ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സ്കൂളിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

### വിലയിരുത്തൽ

- റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

**ലക്ഷ്യ പ്രസ്താവനകൾ:**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ :**

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ **(ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)**

- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.
- പാഠഭാഗത്തിന് അനുസരിച്ച്   കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

**വിലയിരുത്തൽ**

- ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
- 

ചുമതല : *ക്ലാസ് ടീച്ചർ , PTA , HM*

സാമ്പത്തികം : *SSK*

## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം. ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

ലക്ഷ്യപ്രസ്താവനകൾ:

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ :

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ എല്ലാം ക്ലാസിലെയും കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

**ലക്ഷ്യ പ്രസ്താവന**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രുവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

**വിലയിരുത്തൽ**

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## Academic master plan - English

**Aim . : To speak, Read, & write English without any mistakes**

**Time - June to march**

### PRETEST

To check the vocabulary and writing skills of pupils.

### June and July

-To develop listening skills & reading skills

***Listening skills***

1-Games, Action songs Hello English activities.

2 -conversations, skit, stories use ICT.

*Speaking skills*

1-Identify the naming words from the picture.

2-Identify the action words from the same pictures.

3-Make simple sentences using the action word and naming words about the picture.

4-Make symbol description about the picture.

5- Growing sentences , picture reading, self introduction Assembly are also cconducted.

ACTIVITIES'- speech , book review, quiz riddles,self introduction. School radio etc.

## August and September

Develop the creative speaking and writing

***Reading skills***

1-News paper reading, library books reading, book review, reading breaking news,

2-find words.

3-collect and read past tense,

4-rhyming words,

5-describing words etc

6-Textbook activities

***Writing skills***

1-Make word web,

2-picture description with describing words,

3-word chain sentence chain,

4-make words,& sentences

5-make riddles, conversations,

4-Add more lines.

ACTIVITIES -speech, book review, quiz riddles,self introduction. School radio, makes description, magazines etc.

## October and November

*To express thoughts feelings etc.*

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit, stories use ICT materials

3-Reads breaking news.

4--develop story,

5-Read notice

***Writing skills***

1-description ,

2-notice proclamation;

3-Thought

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits etc.

**December and January**

1-Develop the creative speaking and writing

2-To express thoughts feelings etc

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news,

4--develop story,

5-Reads diary

6-Reads letters from friends

*Writing skills*

1-diary

2-letter

3-Announcement,

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits , class room, post office, etc.

**February and march**

To improve the presentation power

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news.

4--develop story.

5-Reads diary

6-Reads letters from friends

***Writing skills***

1-diary

2-letter

3-Announcement

4--description ,

5-notice proclamation,

6-Thought

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits , classroom post office , exhibition, etc.